# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 38 — 25.04.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**മന്ത്രിമാരുടെ രാജി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭയിൽ നിന്ന് എത്ര മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി എന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | നിലവിലെ മന്ത്രിസഭയിൽ നിന്നും രണ്ട് മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.<br><br>1. ശ്രീ. ഇ.പി. ജയരാജൻ<br>2. ശ്രീ. എ.കെ. ശശീന്ദ്രൻ |
| (ബി) | ഇവർ രാജിവയ്ക്കുവാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിക്കുമോ; | (ബി) | പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേട് ഉണ്ട് എന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ. ഇ.പി.ജയരാജനും, ഒരു സ്വകാര്യ ടെലിവിഷൻ പുറത്തുവിട്ട ശബ്ദരേഖയെ സംബന്ധിച്ചുണ്ടായ ആരോപണത്തെ തുടർന്ന് ശ്രീ. എ. കെ. ശശീന്ദ്രനും മന്ത്രിസഭയിൽ നിന്ന് രാജിവയ്ക്കുകയുണ്ടായി. |
| (സി) | രാജിക്ക് കാരണങ്ങളായ വിഷയങ്ങളെക്കുറിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടക്കുന്നത്; അന്വേഷണങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രീ. ഇ.പി. ജയരാജന് എതിരെ ക്യു.വി 20/2016/എസ്.ഐ.യു 2 നമ്പരായി സത്വരാന്വേഷണം നടത്തുകയും തുടർന്ന് വി.സി.01/2017/എസ്.ഐ.യു 2 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ഇ.പി. ജയരാജൻ ഫയൽ ചെയ്ത സി.എം.സി 2839/17 ലെ ഉത്തരവ് പ്രകാരം ടി കേസ് നിലവിൽ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.<br>ശ്രീ. എ.കെ. ശശീന്ദ്രനെതിരെ 26.3.2017 ൽ സ്വകാര്യ ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി.എസ്. ആന്റണിയെ 31.3.2017 ലെ സർക്കാർ വിജ്ഞാപനം നമ്പർ 29780/എസ്.എസ്.എ 2/2017/ആഭ്യന്തരം പ്രകാരം ജുഡീഷ്യൽ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. 03.04.2017 ന് ശ്രീ. പി.എസ്. ആന്റണി അന്വേഷണ കമ്മീഷനായി ചുമതലയേറ്റിട്ടുണ്ട്. ശ്രീ. എ.കെ.ശശീന്ദ്രൻ രാജി വയ്ക്കാനുള്ള വിഷയവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിൽ 2 കേസ്സുകൾ (ക്രൈം നം. 51/സിആർ/2017, ക്രൈം നം. 52/സിആർ/2017) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസ്സിൽ 5 പ്രതികളെ അറസ്റ്റു ചെയ്തിട്ടുള്ളതും അവരെല്ലാം തന്നെ കോടതി മുഖാന്തിരം ജാമ്യം നേടിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ